**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4910 | 27.06.2014 ൽ മറുപടിയ്ക്ക് |
| **ശൈശവവിവാഹത്തിനെതിരെ ബോധവൽക്കരണം** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ. കെ. അജിത് | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) ഇടുക്കി ജില്ലയിൽ ശൈശവവിവാഹങ്ങൾ വർദ്ധിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) മറ്റു ജില്ലകളെ അപേക്ഷിച്ച് ഇടുക്കി ജില്ലയിൽ ശൈശവവിവാഹങ്ങൾ വർദ്ധിക്കുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) ഇടുക്കി ജില്ലയിലെ തമിഴ് വിഭാഗങ്ങൾക്കിടയിലെ ശൈശവ വിവാഹങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിന് വകുപ്പ് തലത്തിൽ എന്തെല്ലാം ബോധവൽക്കരണ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (സി) ഇടുക്കി ജില്ലയിൽ സ്കൂൾ വിദ്യാഭ്യാസം തടസ്സപ്പെട്ട പെൺകുട്ടികൾക്ക് തുടർ വിദ്യാഭ്യാസം നൽകുക, ബാല്യവിവാഹം നിയന്ത്രിക്കുക, ഇത്തരം കുട്ടികളെ കണ്ടെത്തി പുനരധിവസിപ്പിയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ കേരള മഹിളാസമഖ്യാ സൊസൈറ്റിയ്ക്ക് 3 ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലാ സാമൂഹ്യനീതി ഓഫീസർ ആണ് പദ്ധതി അവലോകനം നടത്തുന്നത്. കൂടാതെ, 2006 ലെ ബാല്യവിവാഹ നിരോധന നിയമത്തിന്റെ അടിസ്ഥാനത്തിൽ 2008-ൽ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ബ്ലോക്കുതലത്തിൽ ബാലവിവാഹ നിരോധന ഓഫീസർമാരായി സംയോജിത ശിശു വികസന പദ്ധതി ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ബോധവൽക്കരണം, അംഗൻവാടികളിൽ കൂടി വിവരശേഖരണം, ബാല്യവിവാഹം സംബന്ധിച്ച് മുൻകൂട്ടി വിവരം ലഭിയ്ക്കുകയാണെങ്കിൽ തദ്ദേശ സ്വയം ഭരണവകുപ്പ്, ജനപ്രതിനിധികൾ, പോലീസുദ്യോഗസ്ഥർ എന്നിവരുടെ സഹകരണത്തോടെ തടയുവാനുള്ള നടപടികൾ സ്വീകരിയ്ക്കുക എന്നിവ ഇവരുടെ ചുമതലയാണ്. |

**സെക്ഷൻ ഓഫീസർ**